5

# “ഒരു കല്യാണം ഉണ്ടായിരുന്നു”

## (2:1-11)

*പിതാവേ, അങ്ങയുടെ പുത്രനായ ക്രിസ്തുവിന്റെ തേജസ്സിന്മേൽ നോക്കി, അങ്ങയുടെ തേജസ്സ് അനുഭവിക്കുവാൻ ഈ വേദഭാഗത്തു നിന്നു ഞങ്ങളെ സഹായിക്കേണമേ. അവന്റെ മഹത്വകരമായ നാമ ത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ.*

---

സമയവും സ്ഥലവും അനുസരിച്ചു ആചാരങ്ങൾ വ്യത്യസ്തമാ കാം, എന്നാൽ വിവാഹങ്ങളിൽ ചില സമ്മർദ്ദങ്ങൾ കാണാം. ചില കാര ണങ്ങൾകൊണ്ടു നല്ല - അർത്ഥത്തിലുള്ള ആളുകൾക്കു മോശമായ സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. നമ്മുടെ വേദഭാഗമായ യോഹന്നാൻ 2:1-11 ലും, കല്ല്യാണത്തിനു സംബന്ധിച്ച യേശുവിനും, സംഘർഷം ഉണ്ടാകുന്നുണ്ട്. ആ സംഭവത്തിൽ അവൻ ചെയ്തതു നോക്കി മനു ഷ്യപുത്രൻ (1:51) വാസ്തവത്തിൽ ആരായിരുന്നു എന്നു കാണാം.

### യേശു ഒരു കല്ല്യാണത്തിനു സംബന്ധിച്ചു
### (2:1, 2)

യേശുവിന്റെ അമ്മയെ കല്ല്യാണത്തിനു ക്ഷണിച്ചിരുന്നു. മറിയയെ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലോ അവരെ നേരിട്ടു വിളിച്ചതിന്റെ അടി സ്ഥാനത്തിലോ യേശുവും ശിഷ്യന്മാരും കല്ല്യാണത്തിനു വന്നിരുന്നു. അതു ഗലീലിയിലെ അറിയപ്പെടാത്ത ഗ്രാമമായ കാനാവിൽ ആയിരുന്നു. ഒരു വലിയ ബൈബിൾ തർജ്ജിമക്കാരനായിരുന്ന ജെറോം (എ.ഡി. 345-420) പറഞ്ഞത് രാത്രിയിൽ കാനാവിലെ വെളിച്ചം നസ്രേത്തിൽ കാണാമെന്നാണ്, അതു സൂചിപ്പിക്കുന്നത് ആ സ്ഥലം യേശുവിന്റെ ബാല്യകാല വീടിനടുത്തായിരുന്നു എന്നാണ്.

യെഹൂദ വിവാഹത്തെക്കുറിച്ചു ഒന്നാം നൂറ്റാണ്ടിൽ വളരെ അറി വുള്ളതായിരുന്നെങ്കിൽ ഇവരുടെ വിവാഹത്തെക്കുറിച്ചു വളരെക്കുറച്ചു

മാത്രമെ അറിവുണ്ടായിരുന്നുള്ളു. വരന്റെ വീട്ടിൽ വധു എത്തുന്നതിനു മുമ്പു തന്നെ വിവാഹം തുടങ്ങുമെന്നു നാം കരുതുന്നു. അവന്റെ സ്നേഹിതന്മാരും ബന്ധുക്കളും ചേർന്നു പ്രദക്ഷിണമായി ടൗൺ ചുറ്റി, പലപ്പോഴും ദൈർഘ്യമുള്ള വഴിയിൽ കൂടെയാണ് വധുവിന്റെ വീട്ടിലേക്കു പോകുന്നത്. അവിടെയാണ് വിവാഹാഘോഷം നടക്കുന്നത്. വധുവിന്റെ വീട്ടിലെ ആഘോഷശേഷം, നവദമ്പതികളും ജനക്കൂട്ടം മുഴുവനും ചേർന്നു ടൗണിന്റെ തെരുവിലൂടെ പ്രദക്ഷിണമായി, വരന്റെ വീട്ടിലേക്കു പോകും. അവിടെ ഒരാഴ്ച്ച നീണ്ട വിരുന്നാണ്. യോഹന്നാൻ 2-ൽ യേശു സംബന്ധിച്ച കല്ല്യാണത്തിലും ഇവയൊക്കെ ഉണ്ടായിരുന്നേക്കാം.

യേശു ഈ ആഘോഷത്തിൽ മുഴുവനും പങ്കെടുത്തിരുന്നു. ചിരിയും തമാശയുമുള്ള, സന്തോഷകരമായ ഒരു സമയം. യേശു വിവാഹത്തിൽ പങ്കെടുക്കുക എന്നതു തിരഞ്ഞെടുത്തതാണ് എന്ന സത്യം വിട്ടുകളയരുത്! അവൻ അവിടെയുള്ളത് നിങ്ങൾക്ക് ഊഹിക്കാമോ? അവൻ മറ്റു വിരുന്നുകാരോടു ചിരിച്ചു ലാഘവത്തോടെ സംസാരിക്കുന്നത് നിങ്ങൾക്കു ഊഹിക്കാമോ? യേശു അവിടെ നല്ലൊരു സമയം ആസ്വദിക്കുന്നതു, നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്നുണ്ടോ? ഇപ്പോൾ നിങ്ങളുടെ മനസിലുള്ള യേശുവിൽ നിങ്ങൾ സന്തോഷം കാണുന്നുണ്ടോ? അവൻ ഒരു വിവാഹാഘോഷമുള്ള വീട്ടിൽ വരുമോ? ഈ വേദഭാഗത്തു പറയുന്ന യേശു തീർച്ചയായും വരുമായിരുന്നു! സി. എച്ച്. സ്പർജിയൻ എന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് ഉപദേഷ്ടാവു, ദൈവഭക്തിയോടുകൂടിയുള്ള സന്തോഷത്തെ സംസാരിച്ചിട്ടുണ്ട്:

> ആത്മാക്കളെ നേടുന്ന എല്ലാവരും സന്തോഷിക്കുന്നതിൽ ഞാൻ പ്രശംസിക്കുന്നു; ആലോചനാരഹിതമായ ജല്പനങ്ങളല്ല, എന്നാൽ ബുദ്ധിയുള്ള സന്തോഷപ്രദമായ മനസ്സ്: വിനാഗിരിയിൽ വരുന്നതിനേക്കാൾ ഈച്ചകൾ തേനിലായിരിക്കും വരിക. യാതനാസ്ഥലം മുഖത്തു പതിപ്പിച്ചിരിക്കുന്നവനേക്കാൾ സ്വർഗ്ഗം ധരിച്ചിരിക്കുന്നയാൾ കൂടുതൽ ആത്മാക്കളെ നേടും.[1]

വില്ല്യം ബാർക്ക്‌ലെ പറഞ്ഞു, **"**യേശു ഒരിക്കലും സന്തോഷിക്കുന്നതു കുറ്റമായി കണ്ടിട്ടില്ല. എന്തുകൊണ്ടാണ് അവന്റെ ശിഷ്യന്മാർ അങ്ങനെ കരുതുന്നത്?**"**[2]

യേശു വിവാഹ വിരുന്നു ആസ്വദിക്കുന്നതു യോഹന്നാൻ ജനലിൽനിന്നു സംസാരിക്കുവാൻ ആഗ്രഹിക്കുന്നതായി, ഞാൻ വിശ്വസിക്കുന്നു. ലോകത്തിൽ തിന്മ നിറഞ്ഞിരിക്കുന്നു. യേശുവിനു വളരെ കാര്യങ്ങൾ ചെയ്യുവാനായിട്ടുണ്ട്, അവനെ കാത്ത് ഒരു ക്രൂശും ഇരിക്കുന്നു. ഈ ചിന്തകളെല്ലാം യേശുവിനെ ഉറപ്പുള്ളവനും ഹൃദയഭാരമുള്ളവനുമാക്കി; എന്നാൽ മനുഷ്യപുത്രൻ ഈ സമയത്ത് വിരുന്നു ആസ്വദിക്കയാണ്, സ്നേഹിതന്മാരെ സന്ദർശിക്കുവാൻ, വരനെയും വധുവിനെയും ആദരിക്കുവാനും കാനാവിലെ കല്ല്യാണാഘോഷത്തിൽ

പങ്കെടുക്കുവാനും പോയി. സന്തോഷം അപൂർണ്ണമായി വിട്ടുകളയുവാൻ യേശു അനുവദിച്ചില്ല.

## യേശു കുടുംബവുമായി ഇടപെട്ടിരുന്നു
## (2:3-5)

ആഘോഷം തുടർന്നപ്പോൾ, **"വീഞ്ഞു തീർന്നു പോയി"** (2:3). ഈ ലജ്ജാകരമായ സാഹചര്യം ഒഴിവാക്കുവാൻ യേശുവിന്റെ അമ്മ തയ്യാറായി, അതുകൊണ്ടു അവൾ തന്റെ മകനോടു എന്തെങ്കിലും ചെയ്യുവാൻ ആവശ്യപ്പെട്ടു. താൻ എന്തു ചെയ്യണമെന്നു ആഗ്രഹിച്ചതു ചെയ്യുവാനല്ല അവൾ പറഞ്ഞത്; അവൾ പറഞ്ഞു, **"അവർക്കു വീഞ്ഞ് ഇല്ല"** (2:3). അവളോടുള്ള യേശുവിന്റെ പ്രതികരണം **"സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല"** എന്നായിരുന്നു (2:4). ഈ പ്രസ്താവനയുടെ അക്ഷരിക തർജ്ജിമ **"എനിക്കും നിനക്കും തമ്മിൽ എന്ത്"** എന്നതാണ്. പെട്ടെന്നുള്ള അവന്റെ നിർമ്മര്യാദമായ വാക്കുകൾ നമ്മെ അലോസരപ്പെടുത്തിയേക്കാം. അവൻ വെറും മനുഷ്യനാണെന്നു പ്രത്യക്ഷമാക്കുന്നതായി നമുക്കു തോന്നും. അവൻ അമ്മയോടു അനാദരവു കാണിക്കുകയോ ക്രൂരമായി സംസാരിക്കയോ ചെയ്തു എന്നു ഞാൻ വിശ്വസിക്കുന്നില്ല. തന്റെ മഹത്തായ ദൗത്യത്തെ കുഴപ്പത്തിലാക്കുവാനുള്ള അവളുടെ ശാഠ്യത്തോടുള്ള അവന്റെ അസ്വസ്ഥത പ്രകടിപ്പിച്ചതാണ് അതെന്നു ഞാൻ കരുതുന്നു.

ഒരു മനുഷ്യകുടുംബത്തിനുണ്ടാകുന്ന സംഘർഷത്തേയും പിരിമുറുക്കത്തേയും കണ്ട് യേശുവും ചേരും എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അവൻ **"ജഡം"** ആയിത്തീർന്നതിന്റെ ഒരു കാരണം ജീവിതത്തിൽ ഒരു പുത്രനും, സഹോദരനുമായി അനുഭവിക്കേണ്ടതിനായിരുന്നു. പിന്നീടു, അദ്ധ്യായം 7-ൽ അവന്റെ ഖ്യാതി വ്യാപിക്കുന്നതിൽ അസൂയ പൂണ്ടു സഹോദരന്മാർ എതിർപ്പു പ്രകടപ്പിക്കുന്നതാണ് കാണുന്നത്. അമ്മയുമായുള്ള പ്രശ്നവും, സഹോദരന്മാരുടെ മോശമായ പെരുമാറ്റ പ്രശ്നവും അവൻ പരിഹരിക്കുന്നത് കാണുമ്പോൾ അവന്റെ ശ്രേഷ്ഠതയാണ് കാണുന്നത്.

യേശുവിനും നമുക്കും, കുടുംബം വളരെ പ്രധാനപ്പെട്ടതാണ്. അതേസമയം, കുടുംബം നമ്മുടെ ജീവിതത്തെ കുഴപ്പത്തിലാക്കുകയും ചെയ്യും. നാം പ്രതീക്ഷിക്കാത്തവിധത്തിൽ കുടുംബ ബന്ധങ്ങൾ കുഴപ്പത്തിലാകാറുണ്ട്. കുടുംബത്തിനുള്ളിലാണ് നമുക്ക് എറ്റവും വലിയ സന്തോഷം ഉണ്ടാകുന്നതും ആഴത്തിലുള്ള വേദനയുണ്ടാകുന്നതും. ബന്ധങ്ങൾ ഏറ്റവും അടുത്തതും, മാറിക്കൊണ്ടിരിക്കുന്നതും, അടിക്കടി തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. നാം ജീവിതം ആരംഭിക്കുന്നതു, മാതാപിതാക്കളെ എല്ലാം അറിയുന്ന ദൈവത്തെപോലെ കണ്ടുകൊണ്ടാണ്, പിന്നെ അവർക്കു ഒന്നും അറിയില്ല എന്നു കരുതുന്ന സമയം വരും, അവസാനം അവരുടെ ജ്ഞാനത്തിൽ ആകൃഷ്ടരായി മടങ്ങി വരും. നമ്മുടെ ജീവിതത്തിലെ സിംഹഭാഗവും തലമുറകൾക്കു മദ്ധ്യേയാണ് നാം നിൽക്കുന്നത്, ഒന്നിൽ എത്രത്തോളം നിയന്ത്രണം ചെലുത്താം

എന്നും മറ്റൊന്നിനു നമ്മിലുള്ള നിയന്ത്രണം എത്ര അനുവദിക്കാമെന്നു വാദം നടക്കുന്നു!

കുഴപ്പത്തിലായ കല്ല്യാണവീട്ടിൽ യേശുവിനെ മറ്റൊരു ദിശയിലേക്കു വലിച്ചിഴക്കുവാൻ ശ്രമിച്ചു. അമ്മയോടുള്ള സ്നേഹത്തിനും ആദരവിനും, അവന്റെ കടമയോടുള്ള സമർപ്പണത്തിനും മദ്ധ്യേ അവൻ നിൽക്കുന്നതു നാം കണ്ടു. "നല്ലതിനും" "ഏറ്റവും നല്ലതിനും" മദ്ധ്യേയുള്ള പോരാട്ടത്തിലായിരുന്നു അവൻ. അമ്മയുടെ ആഗ്രഹത്തിനും പിതാവിന്റെ ഇഷ്ടത്തിനും തുല്യ പ്രാധാന്യം കൊടുക്കേണ്ടി വന്നു. യേശുവിനെ ഒരു ഭർത്താവായോ ഒരപ്പനായോ കാണുവാനുള്ള അവസരം നമുക്കു കിട്ടിയിട്ടില്ല, എന്നാൽ ഒരു മുതിർന്ന പുത്രനായി, ഒരു കുടുംബത്തിന്റെ ഭാഗമായി അവരുടെ കുഴപ്പം പരിഹരിക്കുന്നതു നാം കാണുന്നുണ്ട്. അതിനു, കുടുംബത്തിൽ ജീവിക്കുന്ന നാം നന്ദിയുള്ളവരാകണം!

## യേശു ദൈവതേജസ്സ് വെളിപ്പെടുത്തി
## (2:6-11)

തനിക്കു അത്ഭുതപ്രവൃത്തികളാൽ അറിയപ്പെടുവാനുള്ള സമയമായിട്ടില്ല എന്നു അമ്മയോടു പറഞ്ഞിട്ടു, വിരുന്നിനുണ്ടായിരുന്ന ദാസന്മാരിലേക്കു തിരിഞ്ഞു യേശു അടുത്തുണ്ടായിരുന്ന ആറു മൺപാത്രങ്ങളിൽ വെള്ളം നിറക്കുവാൻ കല്പിച്ചു. അവൻ പറഞ്ഞതനുസരിച്ചു അവർ പാത്രങ്ങളിൽ വക്കോളം വെള്ളം നിറച്ചു. പിന്നെ കോരി വിരുന്നുവാഴിക്കു കൊടുക്കുവാൻ പറഞ്ഞു. വീണ്ടും, അവർ വിശ്വസ്തതയോടെ അനുസരിച്ചു. വിരുന്നുവാഴി രുചിച്ചു നോക്കിയാറെ അതു വീഞ്ഞാണെന്നു മനസിലായി. വാസ്തവത്തിൽ അതു ആ വിരുന്നിലെ ഏറ്റവും നല്ല വീഞ്ഞായിത്തീർന്നു! ഈ നല്ല വീഞ്ഞ് അവസാനം വരെ എടുത്തുവെച്ചതെന്തെന്നു വരനെ വിളിച്ചു അവൻ ചോദിക്കുകയും ചെയ്തു.

യോഹന്നാൻ ഇങ്ങനെ എഴുതി ആ ഭാഗം അവസാനിപ്പിക്കുന്നു, "യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി, അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (2:11). "അടയാളം," എന്നതു യോഹന്നാനു പ്രധാനപ്പെട്ട വാക്കായിരുന്നു. അദ്ധ്യായം 2 മുതൽ 12 വരെ ഏഴു മുഖ്യ അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വാക്ക് യേശു ചെയ്ത അത്ഭുതങ്ങൾക്കും, വീര്യപ്രവൃത്തികൾക്കും ഉപയോഗിച്ചിട്ടുണ്ട്. എങ്ങനെയായാലും, ഒരു അടയാളം അത്ഭുതത്തേക്കാൾ അധികമാണ്; ദൈവം, തന്റെ പുത്രനായ യേശുവിൽ പ്രവൃത്തിക്കുന്ന – ഉറവിടത്തെ കാണിക്കുന്നതാണ് അത്ഭുതം. വെള്ളം വീഞ്ഞാക്കിയ അടയാളത്തിലൂടെ യേശു "തന്റെ മഹത്വം വെളിപ്പെടുത്തി" (2:11), ദൈവം തീർച്ചയായും അവനോടുകൂടെയുണ്ടെന്നു കാണിച്ചു. അടയാളത്തോടുള്ള ശരിയായ പ്രതികരണം യേശുവിന്റെ ശിഷ്യന്മാർ ചെയ്തതാണ്: അവർ വിശ്വസിച്ചു. യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശത്തിൽ ഈ "അടയാളങ്ങളും" "വിശ്വസിക്കുക" എന്നീ രണ്ടു മുഖ്യ വാക്കു

കളും ഉൾപ്പെട്ടിരിക്കുന്നു:

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം *അടയാളങ്ങളും* യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു, എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ *വിശ്വ സിക്കേണ്ടതിന്നും* വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ ജീവൻ ഉണ്ടാ കേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു (20:30, 31; എംഫസിസ് മൈൻ).

**ഉപസംഹാരം**

ആ രഹസ്യ സംഭവം നമുക്കു വിശ്വസിക്കുവാൻ ഒരു ക്ഷണം തരി കയാണ്. താൻ ആരാണെന്നു അവകാശപ്പെട്ടത് അടയാളം തെളിയി ച്ചു. വസ്തുക്കളെ മാറ്റുവാനുള്ള ശക്തി യേശുവിനുണ്ടെന്നും അതു തെളിയിച്ചു. ഈ സംഭവത്തിൽ വെള്ളം വീഞ്ഞായി മാറി; പിന്നീടു, ഇരുട്ടിൽ നഷ്ടപ്പെട്ടിരുന്ന ജനം വെളിച്ചം - ഉള്ള ദൈവമക്കൾ ആയി ത്തീർന്നു. എങ്ങനെയായാലും, ഓർമ്മിക്കുക, ഈ ഭാഗം യോഹന്നാന്റെ സുവിശേഷത്തിന്റെ മുഴുവൻ ഭാഗങ്ങളിലേയും സന്ദർഭമാകണം. ഇതു, യേശു ചെയ്ത - അടയാളങ്ങളിൽ ആദ്യത്തേതും, ഒരുപക്ഷെ ചെറുതും - ആയിരിക്കാം. പിന്നീടു, വലിയ വിശ്വാസത്തിനു വേണ്ട വലിയ അടയാളങ്ങൾ നാം കാണും. ഈ സമയത്ത് ഇത്രയും ചോദി ച്ചാൽ മതിയാകും, "നിങ്ങൾ അടയാളം കണ്ടോ? യേശുവിനെക്കുറിച്ചു നിങ്ങൾ എന്തു വിചാരിക്കുന്നു? നിങ്ങൾ വിശ്വാസത്തിൽ വളരുക യാണോ? നിങ്ങൾ തുടർച്ചയായി അവനെ അന്വേഷിക്കുകയും, ശ്രദ്ധി ക്കുകയും, കാണുകയും, അനുഗമിക്കുകയും ചെയ്യുമോ?"

---

കുറിപ്പുകൾ

[1]സി. എച്ച്. സ്പർജിയൻ, *ലെക്ചേഴ്സ് ടു മൈ സ്റ്റുഡൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർനാൻ പബ്ളിഷിങ്ങ് ഹൗസ്, 1970), 170. [2]വില്ല്യം ബാർക്കലേ, *ദ ഗോസ്പെൽ ഓഫ് ജോൺ*, വാല്യം 1, ദ ഡയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്), 85.

© 2009 Truth for Today